# പതിനാലാം കേരള നിയമസഭ
# (ഇരുപത്തിരണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1437** **18.01.2021-ൽ മറുപടിയ്ക്ക്**

**മത്സ്യോൽപ്പാദന പദ്ധതികൾ**

| ചോദ്യം<br>ശ്രീ . എം . ഉമ്മർ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) സംസ്ഥാനത്തെ മത്സ്യാവശ്യകതയും ലഭ്യതയും തമ്മിലുള്ള അനുപാതം എത്രയെന്ന് വിശദമാക്കാമോ; | എ) സംസ്ഥാനത്തെ മത്സ്യആവശ്യകത 7.5 ലക്ഷം മെട്രിക് ടൺ ആണെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഏകദേശ ശരാശരി ഉല്പാദനം 6.05 ലക്ഷം മെട്രിക് ടണ്ണാണ്. അതിൽ തന്നെ 1.48 ലക്ഷം മെട്രിക് ടണ്ണോളം കയറ്റിയയ്ക്കപ്പെടുന്നുണ്ട്. ആവശ്യകതയും ലഭ്യതയും തമ്മിലുള്ള വ്യത്യാസം 2.93 ലക്ഷം മെട്രിക് ടണ്ണാണ്. |
| ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തേക്ക് മത്സ്യമെത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തേയ്ക്ക് മത്സ്യമെത്തിക്കുന്നതിന് നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന മത്സ്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ജില്ലകൾതോറും ഫിഷറീസ് വകുപ്പും ഭക്ഷ്യസുരക്ഷാ വകുപ്പും ആരോഗ്യ വകുപ്പും സംയുക്തമായി രൂപീകരിച്ച task force കൾ പ്രവർത്തിക്കുന്നുണ്ട്. |
| സി) സംസ്ഥാനത്തെ മത്സ്യ ഉപഭോഗത്തിനനുസൃതമായി മത്സ്യ ഉല്പാദനം നടത്തുവാനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ ? | സി) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം ജലകൃഷി വികസനത്തിനായി 262.37 കോടി രൂപ അടങ്കലുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് 61.15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 21 ഇനം കൃഷി രീതികൾ നടപ്പിലാക്കിവരുന്നു. (അനുബന്ധം കാണുക) കൂടാതെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി മത്സ്യോൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി 2078 കോടി രൂപ അടങ്കലുള്ള ത്രിവൽസര പദ്ധതി ആവിഷ്കരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് വിവിധ പദ്ധതികൾ |

നടപ്പിലാക്കിവരുന്നു. നടപ്പ സാമ്പത്തിക വർഷം സുഭിക്ഷകേരളം പദ്ധതിയിലുൾപ്പെടുത്തി 6972 യൂണിറ്റ് വീട്ട് വളപ്പിലെ കുളങ്ങളിൽ മത്സ്യകൃഷിയും 2665 യൂണിറ്റ് ബയോഫ്ലോക്ക് മത്സ്യകൃഷിയും 483 യൂണിറ്റ് കുളത്തിലെ കരിമീൻ കൃഷിയും 282 യൂണിറ്റ് കൂടുകളിൽ മത്സ്യകൃഷിയും നടപ്പാക്കി വരുന്നു. നടപ്പ് സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി നൂതന പദ്ധതികളായ ബയോഫ്ളോക്ക് മത്സ്യകൃഷി രീതി, റീസർക്കുലേറ്ററി അക്വാകൾച്ചർ എന്നിവ നടപ്പിലാക്കി വരുന്നു. പൊതു ജലാശയങ്ങളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നടപ്പ സാമ്പത്തിക വർഷം 300 ലക്ഷം രൂപ പദ്ധതി നടത്തിപ്പിന് വകകൊളളിച്ചിട്ടുണ്ട്. 8158 എണ്ണം പൊതുകുളങ്ങളിൽ ആകെ 1367.86 ഹെക്ടർ ജലാശയ പ്രദേശത്ത് മത്സ്യവിത്ത് നിക്ഷേപിച്ച് മത്സ്യകൃഷി നടപ്പാക്കി വരുന്നു. കേരള റിസർവോയർ ഫിഷറീസ് ഡെവലപ്പ്മെൻറ് പ്രോജക്ട് പ്രകാരം കൂട് കൃഷി പദ്ധതി നടപ്പിലാക്കി വരുന്നു. ഇത് കൂടതെ ജലസംഭരണികളിൽ നിന്ന് മത്സ്യഉല്പാദനം വർദ്ധിപ്പിക്കുന്നതിന് മത്സ്യക്കുഞ്ഞുങ്ങൾ നിക്ഷേപിക്കുന്നതിനായി 200 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കി വരുന്നു. അഷ്ടമുടി/വേമ്പനാട് കായലുകളിൽ മത്സ്യസമ്പത്ത് സംരക്ഷിക്കാനും അതുവഴി ഉല്പാദനം കൂട്ടുന്നതിനുമായി, 95 ലക്ഷം രൂപയുടെയും 248 ലക്ഷം രൂപയുടെയും പദ്ധതികൾ യഥാക്രമം നടപ്പിലാക്കിവരുന്നു.

കടലിലെ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കൃത്രിമപ്പാര് സ്ഥാപിക്കൽ, കടലിലെ കൂട് കൃഷി എന്നീ പദ്ധതികൾ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. 2017-18 സാമ്പത്തിക വർഷം 100 ലക്ഷം രൂപയുടെ ഭരണാനുമതി അനുവദിച്ച "കൃത്രിമപ്പാര് സ്ഥാപിക്കൽ പദ്ധതി" പ്രകാരം തിരുവനന്തപുരം ജില്ലയിലെ പുതുക്കുറിച്ചി, കൊച്ചുതുറ എന്നീ സ്ഥലങ്ങളിൽ കൃത്രിമപ്പാര് സ്ഥാപിച്ചിട്ടുണ്ട്. അതോടൊപ്പം 2019-20 വർഷം പൂന്തുറ, വലിയതുറ, ബീമാപ്പള്ളി എന്നീ മത്സ്യ ഗ്രാമങ്ങളിൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് 2 കോടി രൂപ വകയിരുത്തി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. നടപ്പ വർഷം പൂവാർ, പുതിയതുറ മത്സ്യഗ്രാമങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ വിഴിഞ്ഞം പുനരധിവാസ

പാക്കേജിൽ ഉൾപ്പെടുത്തി കൃത്രിമപ്പാര് പദ്ധതി നടപ്പിലാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളായ കൊല്ലങ്കോട്, പരുത്തിയൂർ, പൂവ്വാർ, പുതിയതുറ, കൊച്ചുതുറ, വലിയതുറ, പള്ളം, അടിമലത്തുറ എന്നിവിടങ്ങളിൽ തീരക്കടലിൽ 200 കൃത്രിമപ്പാര് മോഡ്യൂളുകൾ വീതം സ്ഥാപിക്കുന്നതിനായി 375.63 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി നടപടികൾ സ്വീകരിച്ചുവരുന്നു.

നീലവിപ്ലവം പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ 4 ജില്ലകളിലായി 'കടലിൽ കൂടുകൃഷി' പദ്ധതി നടപ്പിലാക്കുന്നതിന് 1398 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കി വരികയാണ്.

സെക്ഷൻ ആഫീസർ

# അനുബന്ധം

## ജനകീയ മത്സ്യകൃഷി

| ക്രമ നം: | മത്സ്യകൃഷി രീതി | ഹെക്ടർ/ യൂണിറ്റ് | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | ശാസ്ത്രീയ കാർപ്പ് കൃഷി | 1335 ഹെക്ടർ | 6674.4 |
| 2 | പങ്കേഷ്യസ് കൃഷി | 178.8 ഹെക്ടർ | 2413.8 |
| 3 | നൈൽതിലാപ്പിയ കൃഷി | 95.08 ഹെക്ടർ | 1283.6 |
| 4 | റിസർക്കുലേറ്ററി അക്വാകൾച്ചർ | 282 യൂണിറ്റ് | 1410.00 |
| 5 | ഒരു നെല്ലും ഒരു മീനും കൃഷി | 19166 ഹെക്ടർ | 3833.2 |
| 6 | തദ്ദേശീയ മത്സ്യങ്ങളുടെ കൃഷി | 45.54 ഹെക്ടർ | 614.79 |
| 7 | ബയോഫ്ളോക്കിലെ ഗിഫ്റ്റ് കൃഷി | 40 ഹെക്ടർ | 180.00 |
| 8 | ശാസ്ത്രീയ ഓരുജല മത്സ്യകൃഷി | 279.6 ഹെക്ടർ | 2376.4 |
| 9 | ഓരുജല കൂട് മത്സ്യകൃഷി | 1050 യൂണിറ്റ് | 3675.00 |
| 10 | ഞണ്ട് കൃഷി | 18.9 ഹെക്ടർ | 160.65 |
| 11 | കല്ലുമ്മേക്കായ് കൃഷി | 1600 യൂണിറ്റ് | 240.00 |
| 12 | വിശാല ചെമ്മീൻ കൃഷി | 1092 യൂണിറ്റ് | 327.6 |
| 13 | ശുദ്ധജല കൂട് മത്സ്യ കൃഷി | 508 യൂണിറ്റ് | 1625.6 |
| 14 | കാർപ്പ് - വിശാലമത്സ്യകൃഷി | 1536ഹെക്ടർ | 46.08 |
| 15 | ശാസ്ത്രീയ ചെമ്മീൻ കൃഷി | 140 ഹെക്ടർ | 979.65 |
| 16 | ബയോഫ്ളോക്ക് വനാമി | 5 ഹെക്ടർ | 21 |
| 17 | ഓരുജലത്തിലെ വിശാല മത്സ്യ കൃഷി | 169 ഹെക്ടർ | 50.7 |
| 18 | പിന്നാമ്പുറങ്ങളിലെ കരിമീൻ വിത്തുല്പാദന യൂണിറ്റ് | 90 യൂണിറ്റ് | 225.00 |
| 19 | കാർപ്പുകളുടെ റിയറിംഗ് യൂണിറ്റ് | 10 ഹെക്ടർ | 12.00 |
| 20 | ഓരുജല മത്സ്യങ്ങളുടെ റിയറിംഗ് | 5 ഹെക്ടർ | 17.5 |
| 21 | പിന്നാമ്പുറങ്ങളിലെ തദ്ദേശീയ മത്സ്യങ്ങളുടെ റിയറിംഗ് യൂണിറ്റ് | 35 യൂണിറ്റ് | 70.00 |
| | ആകെ | | **26237** |

Sd/-

**സെക്ഷൻ ആഫീസർ**